**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5335** **21-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ്സുകൾ ക്ലാസ്സ് മുറികളാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ ക്ലാസ്സ് മുറികളാക്കി ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ലഭ്യമായ അപേക്ഷയിൻ പ്രകാരം പ്രാരംഭമായി 4 സ്ക്രാപ്പ് ബസ്സുകൾ സൗജന്യമായി സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ബസ്സ് നീക്കം ചെയ്യുന്നതും, രൂപമാറ്റം വരുത്തുന്നതും ഉൾപ്പെടെയുള്ള പ്രവർത്തനം സ്ഥാപനം സ്വന്തം ചെലവിൽ നിർവ്വഹിക്കേണ്ടതും, "Donated by KSRTC" എന്ന് ഇരുവശങ്ങളിലും രേഖപ്പെടുത്തണം എന്ന നിബന്ധനയോടെയുമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. |
| (ബി) | പുതുക്കാട് മണ്ഡലത്തിൽ അളഗപ്പ നഗർ ഗവണ്മെന്റ് ഹൈസ്കൂളിൽ താൽക്കാലിക ക്ലാസ്സ് മുറികളാക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കാൻ അനുകൂല നടപടി സ്വീകരിക്കുമോ; | (ബി) | സ്കൂളുകളിൽ നിന്നും സ്ക്രാപ്പ് ബസ്സുകൾക്കുള്ള അപേക്ഷകൾ ലഭ്യമായ സാഹചര്യത്തിൽ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | വരന്തരപ്പിള്ളി പഞ്ചായത്തിലെ മുപ്ലിയം ഗവൺമെന്റ് ഹൈസ്കൂളിൽ താൽക്കാലിക ക്ലാസ്സ് മുറികളാക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സ്കൂളുകളിൽ നിന്നും സ്ക്രാപ്പ് ബസ്സുകൾക്കുള്ള അപേക്ഷകൾ ലഭ്യമായ സാഹചര്യത്തിൽ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ